(ബി) ഇതിന്റെ ഉദ്ഘാടനം അടിയന്തിരമായി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരീക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇടപ്പോൺ 220 കെ. വി. സബ്സ്റ്റേഷൻ 2005 സെപ്തംബറിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) നിർമ്മാണം ഏകദേശം പൂർത്തിയായ പ്രസ്തുത സബ്സ്റ്റേഷനിലേയ്ക്കുള്ള 220 കെ. വി. ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിയുന്നതുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേശ്വരം മണ്ഡലത്തിലെ 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം

45 [363] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ അനന്തപുരത്തും, പെർളയിലും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 33 കെ. വി. സബ്സ്റ്റേഷനുകളുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ അനന്തപുരം, പെർള എന്നീ സ്ഥലങ്ങളിലെ 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം 31-3-2006-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സബ്സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂർ, വെസ്റ്റ് എളേരി 33 കെ. വി. സബ്സ്റ്റേഷനുകൾ

46 [364] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, വെസ്റ്റ് എളേരി 33 കെ. വി. സബ്സ്റ്റേഷനുകളുടെ ശിലാസ്ഥാപനം നടന്നത് എപ്പോഴാണെന്നും ഇവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

3-8-2000-ൽ ശിലാസ്ഥാപനം നടത്തിയ തൃക്കരിപ്പൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കി 31-12-2004-ന് ടെസ്റ്റ് ചാർജ്ജ് ചെയ്തു.

5-2-2000-ൽ ശിലാസ്ഥാപനം നടത്തിയ വെസ്റ്റ്-എളേരി 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ 2005 മാർച്ചിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് ദ്രുതഗതിയിൽ നടന്നുവരുന്നു.

സബ്സ്റ്റേഷനുകളുടെ നിർമ്മാണം

47 [365] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി വിതരണശേഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിർമ്മിക്കാൻ പദ്ധതിയിട്ടിരുന്ന സബ്സ്റ്റേഷനുകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിൽ എത്ര എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നിർമ്മാണ ഘട്ടത്തിലിരിക്കുന്ന സബ്സ്റ്റേഷനുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) നിർമ്മാണം ആരംഭിക്കുവാൻ എത്ര സബ് സ്റ്റേഷനുകൾ ഉണ്ടെന്നും അവയുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഇ) ഉപഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി എല്ലാ സബ് സ്റ്റേഷനുകളുടേയും നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർമ്മിക്കാൻ പദ്ധതിയിട്ടിരുന്ന സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

220	കെ. വി. സബ്സ്റ്റേഷൻ . .	9
110	കെ. വി. സബ്സ്റ്റേഷൻ . .	47
66	കെ. വി. സബ്സ്റ്റേഷൻ . .	7
33	കെ. വി. സബ്സ്റ്റേഷൻ . .	147
	ആകെ . .	210

വിശദാംശം അനുബന്ധം 1-ൽ കാണുക.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly